ദേശാഭിമാനി
പേജ് 02 Sun, 08 February 2026

### ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്

# കൊല്ലം സിറ്റി ക്ലബ്ബും കേരളപുരം സെന്റ് വിൻസെന്റും ജേതാക്കൾ

**കരുനാഗപ്പള്ളി**

ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ കൊല്ലം സിറ്റി ത്രോബോൾ ക്ലബ്ബും പെൺകുട്ടികളുടെ വിഭാഗത്തിൽ കേരളപുരം സെന്റ് വിൻസെന്റ് ഐസിസി സ്കൂളും ജേതാക്കൾ. കരുനാഗപ്പള്ളി ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലായിരുന്നു മത്സരം. സ്കൂൾ പ്രധാനാധ്യാപിക ടി സരിത ഉദ്ഘാടനംചെയ്തു. ജില്ലാ ത്രോബോൾ അസോസിയേഷൻ സെക്രട്ടറി എസ് സാബുജൻ അധ്യക്ഷനായി. പി ആദർശ്, ആർ രാജീവ്, സോഫിയ ഷീല, അർഷാദ് അലി, ഒ ആദിത്യൻ, എ ബീന എന്നിവർ സംസാരിച്ചു. സമാപന സമ്മേളനം ജില്ലാ അസോസിയേഷൻ വൈസ് പ്രസിഡന്റ് ജെ പി ജയലാൽ ഉദ്ഘാടനംചെയ്തു. വിജയികൾക്ക് ലീലാകൃഷ്ണൻ സമ്മാനവിതരണം നടത്തി. ആൺകുട്ടികളുടെ വിഭാഗത്തിൽ കരുനാഗപ്പള്ളി ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ രണ്ടാം സ്ഥാനവും ഡിയാഗോ സ്പോർട്സ് ക്ലബ് മൂന്നാം സ്ഥാനവും നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ സെന്റ് വിൻസന്റ് ഐസിസി സ്കൂൾ കേരളപുരം ഒന്നാം സ്ഥാനവും റെഡ് മെറിഡിയൻ ചക്കുവള്ളി രണ്ടാംസ്ഥാനവും കരസ്ഥമാക്കി. 21നും 22നും ഇടുക്കിയിൽ നടക്കുന്ന സംസ്ഥാന മത്സരത്തിനുള്ള ടീമിനെയും തെരഞ്ഞെടുത്തു.



ജില്ലാ ത്രോബോൾ മത്സരത്തിൽ ജേതാക്കളായ കൊല്ലം സിറ്റി ത്രോബോൾ ക്ലബ്ബും കേരളപുരം സെന്റ് വിൻസെന്റ് ഐസിസി സ്കൂളും സംഘാടകർക്കൊപ്പം

ദേശാഭിമാനി
Thu, 05 February 2026

# ത്രോബോൾ ചാമ്പ്യൻഷിപ് 7ന്

**കൊല്ലം**

ദേശാഭിമാനി

ജില്ലാ സബ്ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ് ഏഴിന് രാവിലെ എട്ടിന് കരുനാഗപ്പള്ളി ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ ആരംഭിക്കും. www.Throwballkerala.com എന്ന വെബ്സൈറ്റിലൂടെ രജിസ്ട്രേഷൻ നടത്താം. ഫോൺ: 9539480991, 9207684558.